**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2909** 18-06-2018 -ൽ മറുപടിക്ക്

# പ്രകൃതിക്ഷോഭ നഷ്ടപരിഹാരത്തിന് പഞ്ചായത്ത് ഓവർസിയർമാരുടെ സർട്ടിഫിക്കറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പഞ്ചായത്ത് ഓവർസിയർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് പുതുതായി നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) | അംഗീകൃത പ്രകൃതി ദുരന്തത്തിൽ വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓവർസിയർ മുതൽ മുകളിലോട്ടുള്ള സാങ്കേതിക വിദഗ്ധരായ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന സാങ്കേതിക നാശനഷ്ട അവലോകന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അനുവദനീയമായ തുക അതാത് വ്യക്തികൾക്ക് Direct Benificiary Transaction (DBT) വഴി നൽകേണ്ട ചുമതല ബന്ധപ്പെട്ട റവന്യൂ അധികാരികൾ നിർവ്വഹിക്കേണ്ടതാണെന്ന് 27.03.2018-ലെ സ.ഉ.(കൈ)നം.3/2018/ഡി.എം.ഡി. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇതുവരെ വില്ലേജ് ഓഫീസർമാരുടെ മാത്രം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രകൃതിക്ഷോഭ ദുരന്ത സഹായം ലഭ്യമാക്കിയിരുന്നതു പോലെ നടപടികൾ ലഘൂകരിച്ച് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | സുതാര്യമായ രീതിയിൽ അർഹരായവർക്ക് സമയബന്ധിതമായി ആശ്വാസ സഹായം (Relief Assistance) അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ മേൽ നിർദ്ദേശം നൽകിയിട്ടുള്ളത്. പ്രസ്തുത നിർദ്ദേശം പുനപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല |

സെക്ഷൻ ഓഫീസർ